# എവിടെ പോകുന്നു?

■ രാജു പാമ്പാടി

മലയിൽ നിന്നുമൊഴുകി
പുഴ നീ പോകുന്നെവിടെ?
വഴിയേറെ പോകേണം,
കടലിൽ ചേർന്നീടേണം.

കുന്നിൽ നിന്നും വീശി
കാറ്റേ പോകുന്നെവിടെ?
കാടും നാടും താണ്ടി
കുളിരു പകർന്നീടേണം.

മാനത്തു നിന്നെത്തി
മഴ നീ പോകുന്നെവിടെ?
വയലും കിണറും നിറയെ
തെളിനീരെത്തിക്കേണം.

കിഴക്കു നിന്നെത്തി
വെയിൽ നീ പോകുന്നെവിടെ?
ഇരുളിനെ നീക്കി വഴിയിൽ
വെട്ടമൊരുക്കീടേണം.

കാട്ടിൽ നിന്നുമെത്തി
കിളി നീ പോകുന്നെവിടെ?
കാട്ടു വിശേഷം പറയാൻ
നാട്ടിൽ പോയീടേണം.



**കഥാസാരം**

റോഡിൽ രക്തമൊലിച്ച് കിടക്കുന്ന ഷെപ്പാർ ഗ്രാമത്തിലെ ബാലനെ ശുനക് ഹോസ്പിറ്റലിലെത്തിച്ചു. അവന്റെ കൈയിലുണ്ടായിരുന്ന പേന പ്രൊഫസർ പ്യാരീബാലിന്റേതാണെന്ന് മനസ്സിലായി. ബാലനെയിടിച്ച വണ്ടിയുടെ ഡ്രൈവറേയും പിടികൂടി. പ്രൊഫസർ പ്യാരീബാൽ ഹോസ്പിറ്റലിലെത്തി. പ്രൊഫസറെ കുറിച്ചും അദ്ദേഹത്തിന്റെ അനിയൻ ഗുർമിത് ലാലിനെയും കുറിച്ചവർ അന്വേഷിച്ചു. രണ്ടുപേരും എന്തോ മറച്ചുവെക്കുന്നതായി അവർക്ക് തോന്നി. പ്യാരീബാൽ ഹോസ്പിറ്റലിലെത്തി ഡി.ജി.പി യോടൊപ്പം കുട്ടിയുമായി സംസാരിച്ചു. അവന്റെ സഹോദരിക്കെന്തോ ആപത്ത് വരാനിരിക്കുന്നുവെന്നാണത്രെ അവൻ പറയുന്നത്. ഷെപ്പാർ ഗ്രാമത്തിൽ പോയി അവളെ രക്ഷിക്കുന്നതിന് വേണ്ടി പൂച്ചപ്പോലീസും ശുനകും ആദ്യം ലഡാക്കിലേക്ക് പോയി. അവിടെ അവരെ സഹായിക്കാൻ കേണൽ പുട്ടിറ്റോയുണ്ടായിരുന്നു. പുട്ടിറ്റോ ഷെപ്പാറിന്റെ മാപ്പ് കാണിച്ചു കൊടുത്തു. അങ്ങനെയവർ ഷെപ്പാറിലെത്തി. ഷെപ്പാർ ഗ്രാമവാസികളെ ഭയന്ന് കഴിയുന്ന ജലാജികൾ അവരെ കൊണ്ടുപോയി. ജഗൻജിത്തും പ്രൊഫസർ പ്യാരീബാലുമാണ് കുട്ടികളെ തട്ടിക്കൊണ്ട് പോയതെന്ന് ജലാജികൾ പറഞ്ഞു. ആ ബാലികയെ നദീദേവന് ബലി നൽകാൻ പോവുകയാണെന്നറിഞ്ഞ പൂച്ചപ്പോലീസും ശുനകും അവളെ രക്ഷിക്കാൻ പുറപ്പെട്ടു. അപ്പോൾ ദൈവനിഷേധികളായ ജറൂലികൾ കുറച്ചപ്പുറത്ത് തമ്പടിക്കുന്നത് അവർ കണ്ടു. പ്രധാന സാധനങ്ങളുള്ള ബാഗ് പൂച്ചപ്പോലീസ് കബൂത്തറിന്റെ കൈയിൽ കൊടുത്തു. ശേഷം പൂച്ചപ്പോലീസും ശുനകും മുന്നോട്ട് നടന്നു. പെട്ടെന്ന് ജറൂലികൾ അവരെ തടഞ്ഞു. പൂച്ചപ്പോലീസിന്റെ ബാഗ് തട്ടിയെടുക്കാൻ ശ്രമിച്ചു. ഗിർ സാവിഞ്ചാദിനെ മല്ലയുദ്ധത്തിൽ തോൽപിച്ചാൽ മാത്രമേ ബാഗ് നിങ്ങൾക്ക് കിട്ടൂ എന്നവർ പറഞ്ഞു. ശുനകിനെ തോൽപിച്ച് അവർ സഞ്ചിയുമായി കടന്ന് കളഞ്ഞു. ക്ഷീണം കൊണ്ട് പൂച്ചപ്പോലീസും ശുനകും മരച്ചുവട്ടിൽ കിടന്ന് ഉറങ്ങിപ്പോയി. പെട്ടെന്ന് അവർക്ക് നേരെ ഒരമ്പ് പാഞ്ഞു വന്നു. അവരെ പിടികൂടി മൂപ്പന്റെ അടുക്കലെത്തിച്ചു. ഷെപ്പാർ ഗ്രാമത്തിൽ വരൾച്ച ഇല്ലാതാക്കാൻ ഒരു നേർച്ചക്കുള്ള ഒരുക്കങ്ങൾ നടക്കുകയായിരുന്നു. പട്ടണക്കാരെ സൂക്ഷിക്കണമെന്ന് പറഞ്ഞ് അപ്പോൾ അവിടുത്തെ പ്രധാന മന്ത്രവാദി കാഹിൽ വന്നു. അവരെ നിരീക്ഷിക്കാൻ ഗിർസാവിഞ്ചാദിനേയും കൂട്ടരേയും ഏർപ്പാടാക്കി. കുമ്പാലു പൂച്ചപ്പോലീസിനെയും ശുനകിനേയും ഗ്രാമത്തിലെ കാഴ്ചകൾ കാണിച്ചു കൊടുത്തു. അവിടത്തെ വരൾച്ച മാറാനാണ് പെൺകുട്ടിയെ ബലി കൊടുക്കുന്നതെന്ന് കുമ്പാലു പറഞ്ഞു. പെൺകുട്ടിയെ കാണാൻ പറ്റില്ലെന്ന് കാഹിൽ പൂച്ചപ്പോലീസിനോട് ആക്രോശിച്ചു. ഇനി എന്തു ചെയ്യുമെന്ന് പൂച്ചപ്പോലീസും ശുനകും കൂടിയാലോചിച്ചു. അവർ കപൂത്തറിന്റെ അടുത്തെത്തി നേരത്തെ ഏൽപ്പിച്ച ബാഗ് വാങ്ങി. ഒരു വയർലെസ്സ് ഉപകരണം കോളാമ്പിയിൽ ഒളിപ്പിച്ച് വെച്ച് നദീദേവന് സമർപ്പിക്കാൻ തങ്ങളുടെ വകയാണെന്നും പറഞ്ഞ് ഒരു ബാലികക്ക് നൽകി. അത് നദീദേവന്റെ പ്രതിമക്ക് മുമ്പിൽ വെക്കണം എന്ന് പറഞ്ഞു. ബലി വേണ്ടതില്ല എന്ന് അതിലൂടെ ഉറക്കെ വിളിച്ച് പറഞ്ഞ് പ്രശ്നം ലളിതമായി തീർക്കാനായിരുന്നു അവരുടെ പ്ലാൻ. ബാലികയെ ബലി നൽകുന്നതിൽ വിഘ്നമുണ്ടോ നദീദേവാ എന്ന് കുമ്പാലു വിളിച്ച് ചോദിച്ചപ്പോൾ വിഘ്നമുണ്ട് എന്ന് വയർലസ്സിലൂടെ അവർ വിളിച്ച് പറഞ്ഞു. ബലി ആവശ്യമില്ലെന്നു കൂടി പറയാനായിരുന്നു അവർ ആഗ്രഹിച്ചത്. പക്ഷെ അപ്പോഴേക്കും കണക്ഷൻ കട്ടായി. ഏഴ് ദിവസങ്ങൾക്ക് കുട്ടിയെ ബലി നൽകാൻ കാഹിൽ തീരുമാനിച്ചു. കൂട്ടിലകപ്പെട്ട ബാലികയെ പൂച്ചപ്പോലീസും ശുനകും കണ്ടു. കുട്ടിയെ തട്ടിക്കൊണ്ടു പോകാൻ മൂന്നാമതൊരാൾ കൂടി അവിടെ വന്നിരുന്നു എന്ന് കുമ്പാലു പറഞ്ഞു. കേണൽ പുട്ടിറ്റോക്ക് പൂച്ചപ്പോലീസ് ഒരു സന്ദേശമെഴുതി കപൂത്തറിന്റെ കൈയിൽ കൊടുത്തുവിട്ടു. കപൂത്തറിന്റെ പിറകെ പാഞ്ഞുവന്ന ഗിർസാവിഞ്ചാദിനെ പൂച്ചപ്പോലീസും ശുനകും തടഞ്ഞു. കുറച്ചു നേരം ഗിർസാവിഞ്ചാദുമായി മൽപിടുത്തം തന്നെയുണ്ടായി. ഗിർസാവിഞ്ചാദ് അവരെ കുടഞ്ഞെറിഞ്ഞ് കപൂത്തറിന് പിറകെ പാഞ്ഞു. ഇനി കപൂത്തറിനെ പിടിക്കാൻ ഗിർസാവിഞ്ചാദിന് കഴിയില്ല എന്ന് പൂച്ചപ്പോലീസ് ആശ്വസിച്ചു.

**വൈഡാൽ ടെസ്റ്റ് നടത്തുന്നത് ഏത് രോഗത്തിന്റെ നിർണയത്തിന്– ടൈഫോയ്ഡ്)**